പതിമൂന്നാം കേരള നിയമസഭ - ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1351 12/07/2011-ൽ മറുപടിയ്ക്ക്

## മത്സ്യസമ്പത്തിലുണ്ടാകുന്ന കുറവ് പരിഹരിക്കുവാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. തിലോത്തമൻ | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് മത്സ്യസമ്പത്തിലുണ്ടാകുന്ന കുറവു പരിഹരിക്കുവാനും മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുവാനും എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വിശദമാക്കാമോ ; | (എ) മത്സ്യസമ്പത്ത് പരിപോഷിപ്പിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനുമായി ഫിഷറീസ് വകുപ്പ് എല്ലാ ജില്ലകളിലെയും പൊതു ജലാശയങ്ങളിലും അഴിമുഖങ്ങളിലും, ജല സംഭരണികളിലും മത്സ്യവിത്ത് നിക്ഷേപിക്കുന്ന സാമൂഹ്യ മത്സ്യകൃഷി പദ്ധതികളും സീറാഞ്ചിംഗ് പദ്ധതികളും നടപ്പാക്കി വരുന്നു. ഊന്നിവല/ ചീനവല നിയന്ത്രണം, ബാക്ക് വാട്ടർ പെയർട്രോളിംഗ്, അനധികൃത മത്സ്യബന്ധനം തടയൽ തുടങ്ങിയവയിലൂടെ മത്സ്യ സമ്പത്തിനുണ്ടാകുന്ന ക്രമാതീതമായ ചൂഷണം നിയന്ത്രിക്കുന്നു. കണ്ടൽ വനവൽക്കരണത്തിലൂടെയും ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നു.<br>ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി മത്സ്യകേരളം പദ്ധതി, മത്സ്യ കർഷകവികസന ഏജൻസിവഴി മത്സ്യകൃഷി, കുട്ടനാടൻ പാടശേഖരങ്ങളിൽ ഒരു നെല്ലും ഒരു മീനും പദ്ധതി, കോൾ നിലങ്ങളിൽ ആറ്റുകൊഞ്ച് കൃഷി, വിദർഭ പാക്കേജ് വഴി മത്സ്യകൃഷി, കുട്ടനാട് പാക്കേജ്, ആർ.കെ.വി.വൈ. പദ്ധതി മുഖേന മത്സ്യകൃഷി എൻ.എഫ്.ഡി.ബി ധനസഹായത്തോടെ റിസർവോയറിൽ മത്സ്യകൃഷി തുടങ്ങിയ പദ്ധതികളും നടപ്പിലാക്കി വരുന്നു.<br>കടൽ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി മത്സ്യങ്ങളുടെ പ്രധാന പ്രജനന കാലമായ മൺസൂൺ കാലയളവിൽ മത്സ്യ മുട്ടകളെയും മത്സ്യക്കുഞ്ഞുങ്ങളെയും സംരക്ഷിക്കുക എന്ന ഉദ്ദേശത്തോടുകൂടി ജൂൺ, ജൂലൈ മാസങ്ങളിൽ ട്രോളിംഗ് നിരോധിച്ചിരിക്കുന്നു. കൂടാതെ അഴി, പൊഴി മുഖ പ്രദേശങ്ങളിൽ കാര, നാരൻ ഇനങ്ങളിലുള്ള ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന 'സീറാഞ്ചിംഗ്' പദ്ധതി ഫിഷറീസ് വകുപ്പ് വർഷംതോറും നടപ്പിലാക്കുന്നു. |
| (ബി) ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (ബി) ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് പൊതു ജലാശയങ്ങളിലും അഴിമുഖങ്ങളിലും ജല സംഭരണികളിലും, കായലുകളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് മുൻ വർഷങ്ങളിലെ പോലെ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ മത്സ്യകർഷക വികസന |

| | |
|---|---|
| | ഏജൻസി വഴി മത്സ്യ/ ആറ്റുകൊഞ്ച് ചെമ്മീൻ കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടപ്പാക്കി വരുന്നു. കൂടാതെ കേരളത്തിലെ ലഭ്യമായ ജല സ്രോതസ്സുകൾ ഉപയോഗപ്പെടുത്തി വൈവിധ്യമാർന്ന ജലകൃഷി സമ്പ്രദായങ്ങൾ വഴി മത്സ്യകൃഷിയും മത്സ്യസമ്പത്തും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മത്സ്യകേരളം പദ്ധതി നടപ്പാക്കി വരുന്നു. അഡാക്ക് മുഖേന കുട്ടനാട് പാടശേഖരങ്ങളിൽ നെൽകൃഷിക്കുശേഷം മത്സ്യകൃഷി നടത്തുന്ന ഒരു നെല്ലും ഒരു മീനും പദ്ധതിയും കോൾ നിലങ്ങളിൽ ആറ്റു കൊഞ്ചു കൃഷിയും നടപ്പാക്കി വരുന്നു. വിദർഭാ പാക്കേജ് വഴി പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിൽ മത്സ്യകൃഷി നടപ്പാക്കി വരുന്നു. എൻ.എഫ്.ഡി.ബി. യുടെ സഹായത്തോടെ മത്സ്യ/ ആറ്റുകൊഞ്ചു കൃഷി തെരഞ്ഞെടുത്ത റിസർവോയറുകളിൽ നടപ്പാക്കി വരുന്നു. കൂടാതെ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം ആറ്റുകൊഞ്ച്/ കരിമീൻ/ ചെമ്മീൻ കൃഷിയും, മത്സ്യകുഞ്ഞുങ്ങളുടെ ഉല്പാദന വർദ്ധനവിനുള്ള പദ്ധതികളും വിവിധ ജില്ലകളിൽ നടപ്പാക്കി വരുന്നു. |
| (സി) കടൽ മത്സ്യബന്ധനത്തിൽ നിർദ്ദിഷ്ടകാല ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുംപോലെ ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യബന്ധനത്തിന് നിയന്ത്രണം ഏർപ്പെടുത്തുവാൻഉദ്ദേശിക്കുന്നുണ്ടോ; | (സി) ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യോല്പാദനം വർദ്ധിക്കുന്നതിനാൽ നിയന്ത്രണം ഏർപ്പെടുത്തുന്നില്ല. എന്നാൽ കക്കയുടെ ഉല്പാദന കാലയളവിൽ കൊല്ലം ജില്ലയിൽ എല്ലാ വർഷവും നിരോധനം ജില്ലാകളക്ടർ നടപ്പിലാക്കി വരുന്നുണ്ട്. |
| (ഡി) കക്കയുടെ പ്രജനനം വർദ്ധിപ്പിക്കുന്നതിനും മല്ലിക്കക്കയുടെ വാരൽ നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കുമോ | (ഡി) ഡിസംബർ, ജനുവരി, ഫെബ്രുവരി എന്നീ മാസങ്ങളിൽ പൊടിക്കക്ക നശിപ്പിക്കപ്പെട്ടുപോകാതിരിക്കാൻ ഉല്പാദന കാലയളവിൽ കക്ക വാരുന്നത് കൊല്ലം ജില്ലയിൽ ജില്ലം കളക്ടർ എല്ലാ വർഷവും നിരോധിച്ചു വരുന്നു. |
| (ഇ) ട്രോളിംഗ് നിരോധന കാലയളവിൽ മത്സ്യത്തൊഴിലാളികൾക്കും പീലിംഗ് തൊഴിലാളികൾക്കും സാമ്പത്തിക സഹായം നൽകാൻ നടപടി സ്വീകരിക്കുമോ? | (ഇ) ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിൽ രഹിതരാകുന്ന മത്സ്യത്തൊഴിലാളികൾക്കും പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷൻ വിതരണം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ